(സി) ഓൺലൈൻ മുഖേന മണൽ വില്പന സംബന്ധിച്ച് ലഭിക്കുന്ന പരാതികളെല്ലാം തന്നെ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട പോർട്ടോഫീസർ, പോർട്ട് കൺസർവേറ്റർ, ഓൺലൈൻ സിസ്റ്റത്തിന്റെ ചുമതലയുള്ള ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തുറമുഖത്ത് നിന്ന് ഡ്രഡ്ജ് ചെയ്യ മണൽ

92 (4427) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖത്ത് നിന്ന് ഡ്രഡ്ജ് ചെയ്ത് മണൽ ഉപയോഗപ്രദമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത മണൽ എന്തെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് കണ്ടെത്തിയിരിക്കുന്നത് ;

(സി) ഈ മണൽ ഉപയോഗിച്ച് മണൽ ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എമർജിംഗ് കേരള മീറ്റിൽ M/s. Global Trading Company എന്ന സ്ഥാപനം തുറമുഖത്ത് നിന്ന് ഡ്രഡ്ജ് ചെയ്ത മണൽ ഉപയോഗ പ്രദമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് Swiss Challenge Method-ൽ ടെണ്ടർ ക്ഷണിക്കുന്നതിന് തുറമുഖ വകുപ്പ് ഡയറക്ടർക്ക് സർക്കാർ അംഗീകാരം നൽകുകയും ടെണ്ടറിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ Swiss Challenge Method പ്രകാരം M/s. Global Trading Company എന്ന സ്ഥാപനത്തിന് സമ്മതപത്രം നൽകുകയും ലീസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തു. 35% റവന്യൂ ഷെയർ സർക്കാരിന് ലഭിക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇതിനാൽ അസംസ്കൃത പദാർത്ഥം സൗജന്യമായി M/s. Global Trading Company എന്ന സ്ഥാപനത്തിന് സർക്കാർ നൽകേണ്ടതുണ്ട്. ഈ പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത് പൊന്നാനി തുറമുഖ പരിധിയിലാണ്.

(ബി) ഡ്രഡ്ജിംഗ് മുഖേന ലഭിക്കുന്ന മണൽ ശുദ്ധീകരിക്കുന്നതുവഴി കെട്ടിട നിർമ്മാണത്തിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കും ഉപയോഗിക്കാവുന്നതാണ്.

(സി) മേൽപ്പറഞ്ഞ രീതിയിൽ മണൽ സംസ്കരിച്ച് വിപണനം നടത്തുന്നതുമൂലം മണൽ ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly